ഏത്തയ്ക്ക ഉപ്പേരി ഗൾഫിലേക്ക് കയറ്റുമതി ചെയ്യുകയുണ്ടായി. മറ്റ് ഉൽപ്പന്നങ്ങളുടെ കയറ്റുമതി സാധ്യതയെപ്പറ്റി വിശദമായി പഠിച്ചു വരികയാണ്.

ക്ഷീര സംസ്കരണം സംബന്ധിച്ച് കേന്ദ്രത്തിന് സമർപ്പിച്ച പദ്ധതികൾ

13 [2150] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ:
,, പി. ടി. തോമസ്:
പ്രൊഫ. സാവിത്രി ലക്ഷ്മണൻ:
ശ്രീ. സി. പി. മുഹമ്മദ്:
,, എം. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീരസംസ്കരണം സംബന്ധിച്ച് എത്ര പദ്ധതികൾ കേന്ദ്രത്തിന് സമർപ്പിച്ചു; അതിൽ ഏതെല്ലാം കേന്ദ്രം അംഗീകരിച്ചു;

(ബി) കേന്ദ്രം അംഗീകരിച്ച പദ്ധതികൾക്ക് കേന്ദ്രത്തിൽ നിന്നും ധനസഹായം ലഭിക്കുമോ;

(സി) ഈ പദ്ധതികൾ നടപ്പാക്കിയോ എന്നു വെളിപ്പെടുത്തുമോ?

ഉത്തരം

(എ & ബി) 102 പദ്ധതികൾ. ഇതിൽ ക്ഷീര സംസ്കരണ വ്യവസായങ്ങളുടെ സാങ്കേതിക ഉന്നമനം/സ്ഥാപനം/ആധുനീകരണത്തിനായുള്ള സ്കീമിനു കീഴിൽ 20 എണ്ണത്തിനും, മാനവ വിഭവശേഷി വികസന സ്കീമിന്റെ കീഴിൽ 4 എണ്ണത്തിനും, പിന്നോക്ക-മുന്നോക്ക ഉദ്ഗ്രഥനവും മറ്റു പ്രോത്സാഹന പരിപാടികൾക്കുമായുള്ള സ്കീമിന്റെ കീഴിൽ 3 എണ്ണത്തിനും, അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള സ്കീമിന്റെ കീഴിൽ 4 എണ്ണത്തിനുമായി ആകെ 31 പദ്ധതികളിലായി ഇതുവരെ 1,543.82 ലക്ഷം രൂപയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്, ഇതു കൂടാതെ MPEDA മുതലായ ഏജൻസികൾ വഴി കേന്ദ്ര മന്ത്രാലയം കേരളത്തിന് നേരിട്ട് 840.01 ലക്ഷം രൂപയ്ക്കുള്ള 30 പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്.

(സി) കിൻഫ്ര വഴി അംഗീകാരം ലഭിച്ച 31 പദ്ധതികളിൽ മാനവവിഭവശേഷി വികസനത്തിനും പ്രോത്സാഹന പരിപാടികൾക്കുമായുള്ള 7 പദ്ധതികൾ നടപ്പാക്കിക്കഴിഞ്ഞു. പുതിയ വ്യവസായം/വികസനത്തിനുമായുള്ള പദ്ധതി അടിസ്ഥാന സൗകര്യ വികസനത്തിനുമായുള്ള പദ്ധതി എന്നിവയിൽ 24 എണ്ണം പൂർത്തിയാക്കലിന്റെ വിവിധ ഘട്ടങ്ങളിലാണ്.

സംസ്ഥാനത്ത് ഫാഷൻ വില്ലേജുകൾ ആരംഭിക്കുന്നതിന് വിദേശകമ്പനിയുമായി ധാരണാപത്രം

14 [2151] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly